ഉത്തരം

(എ) 1448 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി -എഫ്) 25,000 രൂപയ്ക്ക് മുകളിൽ തുക നൽകിയ 268 കേസ്സുകൾ ഉണ്ട്. പരാതികളുടെ സ്വഭാവമനുസരിച്ചാണ് തുക അനുവദിക്കാറുള്ളത്. എം.എൽ.എ.-മാരുടെ ശിപാർശയോടെ ലഭിച്ച അപേക്ഷകളുടെയും അല്ലാത്ത അപേക്ഷകളുടെയും വിവരം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. രണ്ടുതരം നീതി സൃഷ്ടിക്കുന്ന തരത്തിൽ അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടില്ല.

സർക്കാർ ഉത്തരവുകൾ എം.എൽ.എ.-മാർക്ക് ലഭ്യമാക്കാൻ നടപടി

25 (4353) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന എല്ലാ സർക്കാർ ഉത്തരവുകളും എം.എൽ.എ.-മാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം വകുപ്പുകളിലും, വിഭാഗത്തിലും ഉൾപ്പെടുന്ന സർക്കാർ ഉത്തരവുകളാണ് എം.എൽ.എ.- മാർക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ഏതെങ്കിലും വിഷയങ്ങളിൽ എം.എൽ.എ.-മാർ ഉന്നയിച്ചതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സർക്കാർ ഉത്തരവുകൾ ബന്ധപ്പെട്ട എം.എൽ.എ. മാർക്ക് നൽകണമെന്ന് ഉത്തരവുകളോ, സർക്കുലറുകളോ നിലവിലുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 6-2-2013-ലെ 2717/എ 2/12/പാ.കാ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നയപരമായ പ്രശ്നങ്ങളെ ബാധിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട നിയമസഭാസാമാജികർക്ക് യഥാസമയം എത്തിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ സർക്കാർ പോർട്ടലായ www.kerala.gov.in/go's/circulars/ notifications-ൽ ഇപ്പോൾ തന്നെ ലഭ്യമാണ്. 21-11-2011-ലെ 77369/ സി.ഡി.എൻ.4/11/പൊ.ഭ.വ.- നമ്പർ സർക്കുലർ, 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 142/12/പൊ.ഭ.വ. നമ്പർ ഉത്തരവ് എന്നിവ പ്രകാരം നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ.-മാരെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly